**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6263** **10-07-2024 - ൽ മറുപടിയ്ക്ക്**

**കടലുണ്ടി പുഴയിലെ ജല സംരക്ഷണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. പി. എ. മജീദ്</td><td colspan="2">ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കടലുണ്ടിപ്പുഴ പുതിയ കുടിവെള്ള പദ്ധതികൾക്കുള്ള ജലസ്രോതസ്സ് ആയി ഉപയോഗിക്കാൻ ഇനി സാധ്യമല്ല എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രതിസന്ധി മറികടക്കുന്നതിനും കടലുണ്ടിപ്പുഴയുടെ ജലസംരക്ഷണത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനുവേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദമാക്കാമോ?</td><td>(എ)</td><td>മലപ്പുറം ജില്ലയിലെ കടലുണ്ടിപ്പുഴ കുടിവെള്ള പദ്ധതികൾക്കുള്ള ജലസ്രോതസ്സായി ഉപയോഗിക്കാൻ സാധ്യമല്ല എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കടലുണ്ടിപ്പുഴയുടെ ജലസംരക്ഷണത്തിന് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ താഴെ കൊടുക്കുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>പ്രവൃത്തിയുടെ പേര്</th><th>നിലവിലെ സ്റ്റാറ്റസ്</th></tr>
<tr><td>1</td><td>മലപ്പുറം മുനിസിപ്പാലിറ്റിയിൽ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ നമ്പ്രാണിക്കടവിൽ റഗുലേറ്റർ നിർമ്മാണം</td><td>മലപ്പുറം മുൻസിപ്പാലിറ്റിയുടെ ഡെപ്പോസിറ്റ് വർക്ക് ആയ ടി പ്രവൃത്തി പുരോഗമിച്ചു വരുന്നു.</td></tr>
<tr><td>2</td><td>മലപ്പുറം ജില്ലയിൽ വേങ്ങര നിയോജക മണ്ഡലത്തിലെ ഊരകം പഞ്ചായത്തിൽ മറ്റത്തൂർ മണിക്കുത്ത് കടവിൽ കടലുണ്ടിപ്പുഴക്ക് കുറുകെ റഗുലേറ്റർ നിർമ്മാണം</td><td>പ്രാഥമിക പഠനം നടന്നു കൊണ്ടിരിക്കുന്നു.</td></tr>
<tr><td>3</td><td>മലപ്പുറം ജില്ലയിൽ മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ കല്ലട മണിയാണീരി പാലത്തിന് താഴ്ഭാഗത്ത് വെള്ളിയാർ പുഴയ്ക്ക് കുറുകെ തടയണ നിർമ്മാണം</td><td>പ്രവർത്തി പുരോഗമിച്ചു വരുന്നു.</td></tr>
<tr><td>4</td><td>മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ ന്യകട്ട് കനാലിന് കുറുകെ ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണം</td><td>പര്യവേഷണ പ്രവൃത്തി പുരോഗമിക്കുന്നു.</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ